25-12-2021

SATURDAY

ശനിയാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA


**Chief Editor : George Sebastian** **Editor : Dr Asha T T**

**Farm Information Bureau, Kowdiar, Thiruvananthapuram -695003**

**Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186,2317314**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS) - 25/12/2021

1. ക്രിസ്തുമസ് - പുതുവത്സര സീസൺ കണക്കിലെടുത്ത് കൃഷിവകുപ്പിന് കീഴിലുള്ള വിപണികളെല്ലാം 22.12.2021 മുതൽ ജനുവരി 1 വരെ ക്രിസ്മസ് വിപണികളായി പ്രവർത്തിക്കുന്നതാണ്.

2. കഴക്കൂട്ടം കൃഷിഭവൻ പരിധിയിൽ ഉൾപ്പെടുന്ന കഴക്കൂട്ടം, ചന്തവിള, കാട്ടായിക്കോണം വാർഡുകളിലെ തെങ്ങുകളുടെ സമഗ്ര രോഗ കീട നിയന്ത്രണവും പരിപാലനവും ലക്ഷ്യമിട്ടുകൊണ്ട് **കേരഗ്രാമം പദ്ധതി** നടപ്പിലാക്കുന്നു. പദ്ധതി പ്രകാരം തെങ്ങിന് തടമെടുത്ത് ജൈവവളം, ജൈവകീടനാശിനി എന്നിവ പ്രയോഗിച്ച് നൽകുന്നതാണ്. നിലവിൽ പ്രസ്തുത പ്രവർത്തനങ്ങൾ ചെയ്തിട്ടുള്ളവർക്ക് ആനുപാതികമായ സബ്സിഡി നൽകുന്നതാണ്. കൂടാതെ തെങ്ങുകയറ്റ യന്ത്രത്തിന് 2000 രൂപയും, പമ്പ് സെറ്റ്, കിണറിന് 10000 രൂപയും, കണിക ജലസേചനം, ജൈവ വള നിർമാണ യൂണിറ്റ് എന്നീ ആനുകൂല്യങ്ങൾ പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് ലഭിക്കുന്നതാണ്. തെങ്ങിന്റെ തടം തുറന്ന് ജൈവവളം പ്രയോഗിക്കുന്നതിന് വേണ്ടി രൂപീകരിക്കുന്ന തൊഴിലാളികളുടെ സേനയിലേക്ക് കൃഷിപ്പണികൾ കരാർ വ്യവസ്ഥയിൽ ചെയ്യുവാൻ താൽപര്യമുള്ള സ്ത്രീപുരുഷന്മാർ കൃഷിഭവനുമായി **9847565015, 9745654760, 9020333414, 9961800826** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്.

3. മങ്കൊമ്പ് കീടനിരീക്ഷണ കേന്ദ്രത്തിൽ നിന്നും പച്ചക്കറി വിളകളിൽ കീട-രോഗ പ്രതിരോധത്തിനും വളർച്ച ഉത്തേജിപ്പിക്കുന്നതിനും നന്നായി പൂവിടുന്നതിനും പ്രയോഗിക്കാവുന്ന വിവിധ ജൈവ ഉത്പന്നങ്ങൾ ലഭ്യമാണ്. പൂവിടുന്നതിനും, കായ് വളർച്ച മെച്ചപ്പെടുത്തുന്നതിനും ഉപയോഗിക്കാവുന്ന **കെ-അമിനോ, കെ-ബൂസ്റ്റർ,** കീടങ്ങളെ അകറ്റി നിർത്താൻ സഹായിക്കുന്ന **കെ-ഡോൺ,** രോഗപ്രതിരോധത്തിനു സഹായിക്കുന്ന **കെ-മാസ്ക്ക്,** എന്നീ ഉത്പന്നങ്ങൾ കർഷകർക്ക് കീടനിരീക്ഷണ കേന്ദ്രത്തോടനുബന്ധിച്ച് പ്രവർത്തിക്കുന്ന ലാബോറട്ടറിയിൽ നിന്നും വാങ്ങാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **9496764141** എന്ന നമ്പരിൽ ബന്ധപ്പെടുക.

4. വെള്ളായണി കാർഷിക കോളേജിലെ ഇൻസ്ട്രക്ഷണൽ ഫാമിൽ നിന്നും **കോമാടൻ, WCT, TxD** എന്നീ ഇനം തെങ്ങിൻ തൈകൾ വിപണനത്തിന് ലഭ്യമാണ്. കോമാടൻ -130 രൂപ, WCT-110 രൂപ,

TxD- 250 രൂപ, TxD പോളി ബാഗ് തൈ-280 രൂപ എന്നീ നിരക്കിൽ പ്രവർത്തി ദിവസങ്ങളിൽ രാവിലെ 10 മുതൽ 4 വരെ തൈകൾ വാങ്ങാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **0471 2383573, 9847910119** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

5. നെൽവയൽ സംരക്ഷിച്ച് നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും നെൽവയലുകൾ സംരക്ഷിക്കുന്നതിലൂടെ പരിസ്ഥിതി സംരക്ഷണം സാധ്യമാക്കുന്നതിനും വേണ്ടി കൃഷിയോഗ്യമായ നെൽവയലുകളുടെ ഉടമസ്ഥർക്ക് ഒരു ഹെക്ടറിന് 2000 രൂപ നിരക്കിൽ വർഷത്തിൽ ഒരു തവണ റോയൽറ്റി അനുവദിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് അടുത്തുള്ള കൃഷി ഭവനുമായി ബന്ധപ്പെടുക.

**പരിശീലന പരിപാടികൾ**

6. വെള്ളായണി കാർഷിക കോളേജ് ട്രെയിനിംഗ് സർവീസ് സ്കീമിന്റെ ആഭിമുഖ്യത്തിൽ ജനുവരി മാസം 04, 05 തീയതികളിൽ **പഴം-പച്ചക്കറി സംസ്കരണം** എന്ന വിഷയത്തിൽ ദ്വിദിന പരിശീലനം സംഘടിപ്പിച്ചിരിക്കുന്നു. പരിശീലന ഫീസ് 500 രൂപയാണ്. താൽപര്യമുള്ളവർ കാർഷിക കോളേജ്, വെള്ളായണിയിലെ സോഷ്യൽ സയൻസ്/കാർഷിക വിജ്ഞാന വ്യാപന വിഭാഗം കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ട്രെയിനിംഗ് സർവ്വീസ് സ്കീമിന്റെ ഓഫീസിൽ നേരിട്ടോ, **8848420984, 9495118208** എന്നീ നമ്പരുകളിലോ, **8848420984** എന്ന വാട്ട്സാപ്പ് നമ്പരിലോ, tssvellayni@kau.in എന്ന ഇ-മെയിൽ വിലാസത്തിലോ, ബന്ധപ്പെടുക.

7. പത്തനംതിട്ട ജില്ലയിലെ അടൂർ അമ്മകണ്ടകരയിൽ പ്രവർത്തിക്കുന്ന ഡയറി എന്റർപ്രണർഷിപ്പ് ഡെവലപ്പ്മെന്റ് സെന്ററിൽ **തീറ്റപ്പുൽകൃഷി** എന്ന വിഷയത്തിൽ ദ്വിദിന പരിശീലനം ഈ മാസം **27,28** (ഡിസംബർ 27,28) തീയതികളിൽ നടത്തുന്നു. താൽപ്പര്യമുള്ളവർ **0473-4299869, 9495390436, 7025216927, 6238355698** എന്നീ ഫോൺ നമ്പരുകളിൽ വിളിച്ചോ, വാട്ട്സാപ്പ് ചെയ്തോ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. ആദ്യം രജിസ്റ്റർ ചെയ്യുന്ന 30 പേർക്ക് പരിശീലനത്തിൽ പങ്കെടുക്കാവുന്നതാണ്.

8. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ഇ-പഠന കേന്ദ്രത്തിൽ 2022 ജനുവരി മാസം 1-ാം തീയതി ആരംഭിക്കുന്ന **"ഹൈടെക് കൃഷി"** എന്ന മാസ്സീവ് ഓപ്പൺ ഓൺലൈൻ കോഴ്സിൽ (MOOC) പഠിക്കാൻ താല്പര്യമുള്ളവർ ഈ മാസം 31-നകം (ഡിസംബർ 31 നകം) പേര് രജിസ്റ്റർ

ചെയ്യേണ്ടതാണ്. പതിനൊന്ന് സെഷനുകളിലായി 25 ദിവസം ദൈർഘ്യമുള്ള ഈ കോഴ്സ് കെഎയു MOOC പ്ലാറ്റ്ഫോമിലൂടെ പഠിതാവിന് പ്രയോജനപ്പെടുത്താവുന്നതാണ്. www.celkau.in/MOOC/Default.aspx എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് ഈ പരിശീലന കോഴ്സിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്. രജിസ്റ്റർ ചെയ്തവർക്ക് 2022 ജനുവരി 1 മുതൽ 'പ്രവേശനം' എന്ന ബട്ടൺ ക്ലിക്ക് ചെയ്ത് യുസർ ഐ ഡി യും പാസ്സ്‌വേർഡും ഉപയോഗിച്ച് ക്ലാസ്സുകളിൽ പങ്കെടുക്കാവുന്നതാണ്.

## കാർഷിക നിർദ്ദേശങ്ങൾ

9. നെല്ലിലെ **ബാക്ടീരിയൽ ഇല കരിച്ചിൽരോഗം** പല ഭാഗങ്ങളിലും രൂക്ഷമായി കാണുന്നതിനാൽ കർഷകർ ജാഗ്രത പാലിക്കേണ്ടതാണ്. ഇപ്പോൾ കൃഷിയിറക്കിയിട്ടുള്ള കോൾ നിലങ്ങളിൽ രോഗബാധ ഉണ്ടാകാതിരിക്കാൻ കർഷകർ പ്രതിരോധമാർഗങ്ങൾ സ്വീകരിക്കേണ്ടതാണ്. എല്ലാ പാടത്തും മുൻകരുതലായി **ചാണകതെളിയിൽ സ്യൂഡോമോണാസ്** ചേർത്ത് തളിക്കുക. 20 ഗ്രാം പച്ച ചാണകം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി ലായനിയുടെ തെളിയെടുത്ത് 20 ഗ്രാം സ്യൂഡോമോണാസ് ചേർത്ത് തളിച്ചു കൊടുക്കുക. ബ്ലീച്ചിംഗ് പൗഡർ 50 മുതൽ 100 ഗ്രാം ചെറുകിഴികളിലാക്കി കണ്ടങ്ങളുടെ വിവിധ ഭാഗങ്ങളിലും പൗഡർ ചാക്കുകളിലാക്കി വെള്ളം വരുന്ന ചാനലുകളുടെ വായ ഭാഗത്തും ഇട്ടുകൊടുക്കേണ്ടതാണ്. ഇലകരിച്ചിൽ രോഗം വ്യാപകമായി കണ്ടുതുടങ്ങുന്ന സാഹചര്യങ്ങളിൽ ആന്റിബയോട്ടിക് മരുന്നായ **സ്ട്രേപ്റ്റോസൈക്ലിൻ** 6 ഗ്രാം 30 ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തളിച്ചു കൊടുക്കാവുന്നതാണ്. ഒരു ഏക്കറിന് 100 ലിറ്റർ വെള്ളമെങ്കിലും തളിച്ചിരിക്കണം. ശുപാർശയേക്കാൾ കൂടുതൽ പൊട്ടാഷ് വളം ചേർത്ത് കൊടുക്കുന്നത് ചെടികളുടെ രോഗപ്രതിരോധശേഷി കൂട്ടാൻ സഹായിക്കും.